**15U650** (Pages: 2) Name..................................

Reg. No...............................

**SIXTH SEMESTER B.A. DEGREE EXAMINATION, MARCH 2018**

(CUCBCSS- UG)

Core Course- Malayalam

**CC15U MAL6 B14 - നവസംസ്കാര പഠനങ്ങൾ**

Time : Three Hourse Maximum :80 Marks

**I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :**

1. ആരുടെ സങ്കല്പനമാണ് 'സംസ്കാര ശൃംഖല'?
2. 'പെണ്ണെഴുത്ത്' എന്ന പ്രയോഗം മലയാളത്തിൽ ആദ്യമായി പ്രയോഗിച്ചതാര്?
3. 'എരി' ആരുടെ നോവലാണ്?
4. 'ആധുനികകാലത്തിലെ അദ്ഭുതമെന്ന്' ഗാന്ധിജി വിശേഷിപ്പിച്ചത് എന്തിനെയാണ്?
5. ആചാരപദങ്ങൾക്ക് രണ്ട് ഉദാഹരണം എഴുതുക.
6. 'കാണുന്നീലൊരക്ഷര'വും ആരുടെ കൃതിയാണ്?
7. സംസ്കാര പഠനത്തിന് സഹായകമാകുന്ന മലയാളത്തിലെ രണ്ടു കൃതികളുടെ പേരെഴുതുക.
8. 'കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്ര'മെഴുതിയതാര്?
9. 'ഒറിയന്റലിസം' ആരുടെ കൃതിയാണ്?
10. 'ഇക്കോഫെമിനിസത്തിന്' മലയാളത്തിലുപയോഗിക്കുന്ന പദം?

(10 x ½ = 5 Marks)

**II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :**

11. "പശുവിനെയും പോത്തിനെയും കൊല്ലരുത്"എന്ന് പൊയ്കയിൽ കുമാര ഗുരുദേവൻ ഉപദേശിക്കുന്നതിന് കാരണമെന്ത്?
12. 'വിളംബര ഭാഷ' എന്നാലെന്ത്?
13. വിമർശനാത്മക വ്യവഹാര അപഗ്രഥനത്തിന്റെ ലക്ഷ്യമെന്ത്?
14. 'സംസ്കാര വ്യവസായം' എന്നാലെന്ത്?
15. ദലിത് സാഹിത്യകാരന്മാർ നടത്തുന്ന ദ്വിമുഖ പോരാട്ടമെന്ത്?

(5 x 2 = 10 Marks)

**III. ഓരോന്നിനും നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ചുചോദ്യത്തിന് ഉത്തരമെഴുതുക:**

16. "മുടിയെ സ്ത്രീ വിമോചനത്തിന്റെ പ്രതീകമാക്കി മാറ്റുകയാണ് സാറാജോസഫ് മുടിത്തെയ്യമുറയുമ്പോൾ എന്ന കഥയിൽ" വിശദീകരിക്കുക.

17. "ശാസ്ത്രങ്ങളിൽനിന്നെന്ന പോലെ കലകളിൽനിന്നും ചങ്ങല നീളുന്നുണ്ട് "റുസ്സോയുടെ ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

18. 20-ാം നൂറ്റാണ്ടിലെ കേരളീയ ജീവിതത്തിന്റെയും സാഹിത്യത്തിന്റെയും സവിശേഷതകളായി ജി. മധുസൂദനൻ അവതരിപ്പിക്കുന്ന ഘടകങ്ങൾ വിവരിക്കുക.

19. "ഭരണകൂടത്തിന്റെ നഷ്ടം സാംസ്കാരികലോകത്തിന് ലാഭമായതിന്റെ രാഷ്ട്രീയമാണ് ഹോളിവുഡിന്റെ വിയറ്റ്നാം സിനിമകൾ," വ്യവഹാരാപഗ്രഥനത്തിന്റെ പശ്ചാത്തലത്തിൽ വിശദീരിക്കുക.

20. പി. എം. ഗിരീഷിന്റെ 'ക്ഷേത്രപ്രവേശന വിളംബരം : വാക്കിന്റെ ചതുപ്പുനിലങ്ങൾ' എന്ന ലേഖനം മുൻനിർത്തി സംസ്കാരവും ഭാഷയും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം വിശകലനം ചെയ്യുക.

21. "പ്രാന്തവത്കരിക്കപ്പെട്ടവരുടെ ശബ്ദം മുഖ്യധാരയിൽ എത്തിക്കാനുള്ള ശ്രമമാണ് എം.ബി. മനോജിന്റെ ജീവചരിത്രം" വിമർശനാത്മകമായി വിശകലനം ചെയ്യുക.

22. കുറിപ്പെഴുതുക : ചിപ്കോ പ്രസ്ഥാനം, നർമ്മദാ ബച്ചാവോ ആന്തോളൻ

(5 x 5 = 25 Marks)

**IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും നാലുചോദ്യത്തിന് ഉത്തരമെഴുതുക :**

23. "നാനത്വത്തിനുമേൽ ഏകത്വത്തിന്റെ അധിനിവേശമാണ് സൗന്ദര്യ രൂപീകരണത്തിൽ സംഭവിച്ചത്" ദളിത് സൗന്ദര്യശാസ്ത്രത്തെ മുൻനിർത്തി ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

24. ജനപ്രിയസംസ്കാരത്തിനു ജോൺ സ്റ്റോറി നൽകുന്ന ആറു നിർവചനങ്ങൾ വിശദീകരിക്കുക.

25. "ജീവിതം പറച്ചിലാണ് ജാനുവിന്റെ ആത്മകഥ് " വിമർശനാത്മകമായി അവതരിപ്പിക്കുക.

26. 'കണ്ടൽ കാടുകൾക്കിടയിൽ എന്റെ ജീവിതം' എന്ന കൃതി മുന്നോട്ടു വെക്കുന്ന രണ്ടു പ്രധാന പ്രശ്നമണ്ഡലങ്ങൾ ഏത് അവ വിശകലനം ചെയ്യുക.

27. "ജനപ്രിയ സാഹിത്യത്തിന് മാതൃകയാണ് മുട്ടത്തു വർക്കിയുടെ നോവലുകൾ " വിശദീകരിക്കുക.

28. "സാഹിത്യമെഴുത്ത് പ്രതിരോധസ്ഥാനമൊരുക്കൽ കൂടിയാണ്, " 'എൻമകജെ' മുന്നോട്ടു വെക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ അപഗ്രഥിക്കുക.

(4 x 10 = 40 Marks)

*******